# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 13.06.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. അഹമ്മദാബാദിലെ വിമാനദുരന്തം ഹൃദയഭേദകമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; അത്ഭുതകരമായി രക്ഷപ്പെട്ട ഏക യാത്രികനെ ആശുപത്രിയിൽ സന്ദർശിച്ചു; അപകട സാഹചര്യം പ്രധാനമന്ത്രി അവലോകനം ചെയ്തു.

   Prime Minister Narendra Modi called the Ahmedabad plane crash heartbreaking; visited the lone passenger who miraculously survived in the hospital; reviewed the accident situation.

2. വിമാനത്തിൻറെ ബ്ലാക്ക് ബോക്സും ഡിജിറ്റൽ ഫ്ളൈറ്റ് ഡേറ്റ റെക്കോർഡറും കണ്ടെടുത്തു. തിരിച്ചറിഞ്ഞ മൃതദേഹങ്ങൾ ബന്ധുക്കൾക്കു കൈമാറി.

   The aircraft's black box and digital flight data recorder have been recovered. Identified bodies have been handed over to the relatives.

3. ഇസ്രയേൽ-ഇറാൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ ഇരു രാജ്യങ്ങളിലെയും ഇന്ത്യൻ പൗരന്മാർ ജാഗ്രത പാലിക്കണമെന്ന് ഇന്ത്യ; 16 അന്താരാഷ്ട്ര വിമാന സർവീസുകൾ വഴി തിരിച്ചുവിട്ടു.

   Indian embassies issue advisories to its nationals in both countries to stay vigilant: Sixteen international flights of Air India affected amid growing conflict..

4. തിരഞ്ഞെടുപ്പു ചൂടിൽ നിലമ്പൂർ; പ്രചാരണം സജീവമാക്കി മുതിർന്ന നേതാക്കളും.

   Election heat intensifies in Nilambur; senior leaders step up their campaigning efforts..

5. കേരളത്തിൽ അടുത്ത 5 ദിവസം കനത്ത മഴയ്ക്ക് സാധ്യത; കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ ചുവപ്പ് ജാഗ്രതാ നിർദേശം.

   Heavy rainfall is likely in Kerala over the next 5 days; Red alert has been issued for Kannur and Kasaragod districts tomorrow.

6. ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഓസ്ട്രേലിയ ക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 282 റൺസ് വിജയലക്ഷ്യം.

**In the World Test Championship final, South Africa has been set a target of 282 runs to win against Australia.**

✪✪✪✪✪✪✪✪✪✪✪

## NEW. DAY. PM-GUJARAT VISIT-1

241-ലധികം പേരുടെ മരണത്തിനിടയാക്കിയ എയർ ഇന്ത്യ വിമാനാപകട ത്തിൽ പരിക്കേറ്റവരെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന്, ഗുജറാത്തിലെ അഹമ്മദാബാദ് സിവിൽ ആശുപത്രിയിൽ സന്ദർശിച്ചു. അഹമ്മദാബാദി ലുണ്ടായ വിമാനദുരന്തം ഹൃദയ ഭേദകമാണെന്നും ഈ വേദന വാക്കുകൾക്കതീതമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. രക്ഷപ്പെട്ട ഏകയാത്രികൻ, ഇന്ത്യൻ വംശജനും ബ്രിട്ടീഷ് പൗരനുമായ വിശ്വാസ് കുമാർ രമേശിനെയും ശ്രീ മോദി സന്ദർശിച്ചു. അപകടസ്ഥലത്തെത്തിയ പ്രധാനമന്ത്രി, ഉദ്യോഗസ്ഥർക്കൊപ്പം സാഹചര്യങ്ങൾ വിലയിരുത്തി. ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട ഗുജറാത്ത് മുൻ മുഖ്യമന്ത്രി വിജയ് രൂപാണിയുടെ കുടുംബാംഗങ്ങളെയും അദ്ദേഹം സന്ദർശിച്ചു.

✪✪✪✪✪✪✪✪✪✪✪

## NEW. DAY. PM-GUJARAT VISIT-2

വിമാനാപകടത്തിൽ മരിച്ചവരിൽ തിരിച്ചറിഞ്ഞവരുടെ മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് കൈമാറി. ഇതുവരെ പത്തോളം മൃതദേഹങ്ങളാണു കുടുംബാംഗങ്ങൾക്കു കൈമാറിയത്. ബോയിംഗ് 787-8 ഡ്രീംലൈനർ വിഭാഗത്തിൽപ്പെട്ട വിമാനമാണ് ഇന്നലെ തകർന്നു വീണത്. അഹമ്മദാബാദിൽനിന്ന് ഇന്നലെ ഉച്ചതിരിഞ്ഞ് 1.38 ന് പറന്നുയർന്ന വിമാനം നിമിഷങ്ങൾ ക്കകം നിലംപതിക്കുകയായിരുന്നു. ബി ജെ മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ കെട്ടിടത്തിലേ ക്കാണു വിമാനം പതിച്ചത്. പത്തനംതിട്ട പുല്ലാട് സ്വദേശിനി രഞ്ജിത ഗോപകുമാരൻ നായരും വിമാന ദുരന്തത്തിൽ മരിച്ചവരിൽ ഉൾപ്പെടുന്നു. വിമാനം തകർന്നു വീണ പ്രദേശത്തുണ്ടായിരുന്ന ഇരുപതിലേറെ പേർക്കും ജീവൻ നഷ്ടമായി.

✪✪✪✪✪✪✪✪✪✪✪

## PLANE CRASH

വിമാനത്തിൻറെ ഡിജിറ്റൽ വീഡിയോ റെക്കോർഡർ അപകട സ്ഥലത്തു നിന്നു കണ്ടെത്തി. ബ്ലാക്ക് ബോക്സും ഡിജിറ്റൽ ഫ്ലൈറ്റ് ഡേറ്റ റെക്കോഡറും വീണ്ടെടുത്തിട്ടുണ്ട്. അപകടകാരണം കണ്ടെത്തുന്നതിനുള്ള അന്വേഷണം പുരോഗമിക്കുകയാണ്. വിവിധ സുരക്ഷാ ഏജൻസികളുടെ നേതൃത്വത്തിൽ തിരച്ചിലും തുടരുന്നു. ഫോറൻസിക് വിദഗ്ധരും എത്തിയിട്ടുണ്ട്. ബോയിങ്ങ് 787-8/7 വിമാനങ്ങളിൽ പ്രത്യേക സുരക്ഷാ പരിശോധന നടത്താൻ ഡിജിസിഎ എയർ ഇന്ത്യയ്ക്ക് നിർദ്ദേശം നൽകി.

✪✪✪✪✪✪✪✪✪✪✪

## VEENA GEORGE

വിമാനാപകടത്തിൽ മരിച്ച പത്തനംതിട്ട പുല്ലാട് സ്വദേശി രഞ്ജിത ഗോപകുമാരൻ നായരുടെ മൃതദേഹം നാട്ടിലെത്തിക്കാനുള്ള നടപടികൾ വേഗത്തിലാക്കുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അറിയിച്ചു. രഞ്ജിതയുടെ വീട്ടിലെത്തിയ അദ്ദേഹം ബന്ധുക്കളുമായി സംസാരിച്ചു. മന്ത്രി വീണ ജോർജും രഞ്ജിതയുടെ വീട്ടിലെത്തി. മൃതദേഹം നാട്ടിലെത്തി ക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ആശയവിനിമയം നടത്തിയതായും മന്ത്രി വ്യക്തമാക്കി.

✪✪✪✪✪✪✪✪✪✪✪

## ISRAEL-IRAN STRIKES

ഇറാൻറെ ആണവ പദ്ധതിയെയും മുതിർന്ന സൈനിക നേതാക്കളെയും ലക്ഷ്യമിട്ട് ഇസ്രയേൽ ഇന്നലെ രാത്രി നടത്തിയ അപ്രതീക്ഷിത ആക്രമണ ത്തിൻറെ പശ്ചാത്തലത്തിൽ പശ്ചിമേഷ്യ യിൽ സ്ഥിതിഗതികൾ രൂക്ഷ മാകുന്നു. ഇറാൻ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കമാൻഡർ-ഇൻ-ചീഫ്, ജനറൽ ഹൊസൈൻ സലാമി, സായുധസേനാ മേധാവി മുഹമ്മദ് ബാഗേരി, ആണവോർജ സംഘടനാ മുൻ തലവൻ ഫെറെദൂൺ അബ്ബാസി എന്നിവർ കൊല്ലപ്പെട്ടതായാണ് വിവരം. ഇറാന്റെ നതാൻസ് ആണവ കേന്ദ്രവും ആക്രമിക്കപ്പെട്ടു. ഇസ്രയേലും അമേരിക്കയും ആക്രമണങ്ങൾക്ക് കനത്ത വില നൽകേണ്ടി വരുമെന്ന് ഇറാൻ സായുധസേന വക്താവ് മുന്നറിയിപ്പ് നൽകി. ടെഹ്റാനിലെ ജനവാസ കേന്ദ്രങ്ങൾ തകർന്നതായും കുട്ടികൾ ഉൾപ്പെടെ നിരവധിപേർ കൊല്ലപ്പെട്ടതായും ഇറാൻറെ ഔദ്യോഗിക വാർത്താവിഭാഗം റിപ്പോർട്ട് ചെയ്തു. ആക്രമണങ്ങൾക്ക് പിന്നാലെ ഇസ്രയേലിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണ്.

## ISRAEL-IRAN REACTIONS

ഇറാനിലെ ആണവകേന്ദ്രങ്ങൾ ലക്ഷ്യമാക്കിയുള്ള ഇസ്രയേൽ വ്യോമാക്രമണ ങ്ങൾക്ക് പിന്നാലെ ആശങ്ക അറിയിച്ച് ലോക രാജ്യങ്ങൾ. ഇരുരാജ്യങ്ങളും സംയമനം പാലിക്കണമെന്നും നയതന്ത്ര മാർഗങ്ങളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നും ഇന്ത്യ ആവശ്യപ്പെട്ടു. ഇസ്രയേലിലും ഇറാനിലുമുള്ള ഇന്ത്യക്കാർ ജാഗ്രത പാലിക്കാനും സുരക്ഷാ മുൻകരുതലു കൾ സ്വീകരിക്കാനും ഇന്ത്യൻ എംബസി നിർദേശം നൽകി. ഇസ്രയേൽ ഏകപക്ഷീയ നടപടിയാണ് സ്വീകരിച്ചതെന്ന് അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ പറഞ്ഞു. ഇറാനെതിരായ ആക്രമണത്തെ ശക്തമായി അപലപിക്കുന്നതായി സൗദി വിദേശകാര്യ മന്ത്രാലയവും പ്രതികരിച്ചു. ഇസ്രയേലിന്റെ നടപടി അന്താരാഷ്ട്ര നിയമ തത്വങ്ങളുടെ ലംഘനമെന്ന് ഒമാനും നിലപാട് സ്വീകരിച്ചു.

## DELHI AIRPORT IRAN ADVISORY

ഇസ്രയേൽ-ഇറാൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ 16 അന്താ രാഷ്ട്ര വിമാനസർവീസുകൾ വഴിതിരിച്ചുവിട്ട് എയർ ഇന്ത്യ. യാത്രക്കാർ ക്കായി താമസസൗകര്യവും ബദൽ ക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ടെന്ന് എയർ ഇന്ത്യ അറിയിച്ചു. ലണ്ടൻ, ന്യൂയോർക്ക്, മുംബൈ, ഡൽഹി വിമാനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

## IRAN - NEW MILITARY CHIEF

ഇറാൻറെ പരമോന്നത നേതാവ് അലി ഖമേനി ഇറാനിൽ പുതിയ സൈനിക മേധാവികളെ നിയമിച്ചു. ഇസ്രയേൽ വ്യോമാക്രമണ ങ്ങളിൽ ഇറാന്റെ ഉന്നത സുരക്ഷാ ഉദ്യോഗസ്ഥർ കൊല്ലപ്പെട്ടതിനെ ത്തുടർന്നാണ് നടപടി.

## VIKRAM MISRI- CHINA

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി, ചൈനീസ് വിദേശകാര്യ ഉപമന്ത്രി സൺ വെയ്ഡോങ്ങുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ-ചൈന ഉഭയകക്ഷിബന്ധത്തിൻറെ നിലവിലെ സാഹചര്യം ഇരുവരും വിലയിരുത്തി. കൈലാസ്-മാനസസരോവർ തീർത്ഥാടനം പുനരാരംഭിക്കുന്നതിൽ ചൈനയുടെ സഹകരണം സംബന്ധിച്ച ചർച്ചകളും നടന്നു.

## NILAMBUR ELECTION

പരസ്യപ്രചാരണം അവസാനിക്കാൻ നാല് നാൾ മാത്രം ബാക്കി നിൽക്കെ നിലമ്പൂരിൽ പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ. മുതിർന്ന നേതാക്കളെയടക്കം മണ്ഡലത്തിലെത്തിച്ചുള്ള സജീവ പ്രചാരണമാണ് ഇവിടെ മുന്നേറുന്നത്. ഈ മാസം 19 നാണ് നിലമ്പൂരിൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

## RAIN - KERALA

കേരളത്തിൽ അടുത്ത 5 ദിവസം കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കോട്ടയം മുതൽ കാസർഗോഡ് വരെയുള്ള 10 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും, നാലിടത്ത് മഞ്ഞ ജാഗ്രതയുമാണ്. നാളെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. ഒൻപത് ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രതയാണ്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 17 വരെ മീൻപിടിത്തത്തിന് വിലക്കേർപ്പെടുത്തി. മലയോര- കടൽതീര മേഖലയിലേക്കുള്ള വിനോദയാത്രകൾ പരമാവധി ഒഴിവാക്കണമെന്നും നിർദ്ദേശമുണ്ട്.

## MEA - BRIEFING - LOS ANGELES (INTRO)

ലോസാഞ്ജലസിൽ നടക്കുന്ന പ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ മേഖലയിലെ ഇന്ത്യക്കാർ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് വിദേശകാര്യ മന്ത്രാലയം. വിദേശ രാജ്യങ്ങളിലെ ഇന്ത്യക്കാരുടെ സുരക്ഷയ്ക്കും ക്ഷേമത്തിനുമാണ് പ്രഥമ പരിഗണന എന്നും വിദേശകാര്യ വക്താവ് രൺധീർ ജെയ്സ്വാൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

**(HOLD VOICE)**

## CRICKET

ലോർഡ്സിൽ നടക്കുന്ന, ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഓസ്ട്രേലിയക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 282 റൺസ് വിജയലക്ഷ്യം. മൂന്നാം ദിവസമായ ഇന്ന് ഓസീസിൻറെ രണ്ടാം ഇന്നിംഗ്സ് 207 റൺസിന് അവസാനിച്ചെങ്കിലും 74 റൺസിൻറെ ഒന്നാമിന്നിംഗ്സ് ലീഡിൻറെ മികവിൽ സ്കോർ 281ലേത്തുക യായിരുന്നു. മറുപടി ബാറ്റിംഗിനിറങ്ങിയ ദക്ഷിണാഫ്രിക്ക ഒടുവിൽ വിവരം ലഭിക്കുമ്പോൾ 2 വിക്കറ്റിന് 90 റൺസ് എന്ന നിലയിലാണ്.

## HOCKEY

ഹോക്കി പ്രോ ലീഗ് പുരുഷ - വനിതാ വിഭാഗങ്ങളിൽ ഇന്ത്യ നാളെ ഓസ്ട്രേലിയയെ നേരിടും. നിലവിൽ പോയിൻറ് പട്ടികയിൽ ഇന്ത്യയുടെ പുരുഷ ടീം അഞ്ചാം സ്ഥാനത്തും, വനിതകൾ ഏഴാം സ്ഥാനത്തുമാണ്.

## INDIA at UN (intro)

ഗാസയിൽ വെടിനിർത്തൽ സംബന്ധിച്ച് യുഎൻ പൊതുസഭയിൽ അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിക്കാതെ വിട്ട് നിന്ന് ഇന്ത്യ. ഗാസ യിലെ മാനുഷിക പ്രതിസന്ധിയിൽ രാജ്യത്തിന് കടുത്ത ആശങ്കയുണ്ടെന്ന് ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പർവതനേനി ഹരീഷ് പറഞ്ഞു. ചർച്ച കളിലൂടെയും നയതന്ത്ര ഇടപെടലുകളി ലൂടെയും മാത്രമേ ഇസ്രായേൽ-ഫലസ്തീൻ പ്രശ്നം പരിഹരിക്കാനാകൂ വെന്നും ഇതിനായി യോജിച്ച

പരിശ്രമമുണ്ടാകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.
(ഹോൾഡ്)

✡✡✡✡✡✡✡✡✡✡✡

## SHIP - HIGHCOURT

കോഴിക്കോട് തീരത്തിന് സമീപമുണ്ടായ കപ്പൽ അപകടത്തിൻറെ പശ്ചാത്തലത്തിൽ സമുദ്ര ആവാസ വ്യവസ്ഥയ്ക്കുണ്ടാകാവുന്ന നാശനഷ്ടങ്ങൾ സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഹൈക്കോടതി. മുൻ എംപി ടി.എൻ. പ്രതാപൻ സമർപ്പിച്ച പൊതുതാൽപര്യ ഹർജി പരിഗണിക്കുക യായിരുന്നു കോടതി.

✡✡✡✡✡✡✡✡✡✡✡

## AYUSH-YOGA

പതിനൊന്നാമത് അന്താരാഷ്ട്ര യോഗാ ദിനത്തിന് മുന്നോടിയായി സംഘടിപ്പിക്കുന്ന ആഗോള യോഗാ ഉച്ചകോടിയായ യോഗാ കണക്ട് നാളെ ന്യൂഡൽഹിയിൽ. യോഗാ ദിന പ്രമേയമായ 'ഏക ഭൂമിക്കും ഏകാരോഗ്യത്തിനും യോഗ' എന്ന ആശയത്തിലൂന്നി യാണ് കേന്ദ്ര ആയുഷ് മന്ത്രാലയം ആതിഥേയത്വം വഹിക്കുന്ന ഉച്ചകോടി സംഘടിപ്പിക്കുന്നത്.

✡✡✡✡✡✡✡✡✡✡✡
✡✡✡✡✡✡✡✡✡
✡✡✡✡✡✡✡
✡✡✡